ഖുത്ബ
19.1.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# അർറഹ്മാൻ
# ചോദിക്കാതെ നല്കുന്നവൻ
# (2)

اِنَّمَا تُنْذِرُ مَنِ اتَّبَعَ الذِّكْرَ وَخَشِيَ الرَّحْمٰنَ بِالْغَيْبِ فَبَشِّرْهُ بِمَغْفِرَةٍ وَّاَجْرٍ كَرِيْمٍ ﴿١٢﴾

**അ**ല്ലാഹുതആല വിശുദ്ധഖുർആനിൽ വിവിധ സ്ഥലത്ത് വിവിധ ഉദ്ധരണികളിലൂടെ തന്റെ മഹനീയ ഗുണമായ റഹ്മാനിയ്യത്തിന്റെ- പരമകാരുണികതയുടെ തേജോവിലാസം വിവരിച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ച്, റഹ്മാനിന്റെ അർത്ഥമെന്താണെന്ന് ഞാനൊരു ഖുത്ബയിൽ (15.12.2006) പറഞ്ഞുകഴിഞ്ഞതാണ്. മൂന്ന്നാല് ആഴ്ച കഴിഞ്ഞതുകൊണ്ട് ഞാൻ അത് ചുരുക്കി പറഞ്ഞുതരാം. അല്ലാഹുവിന്റെ വിശേഷഗുണമായ റഹ്മാൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം എന്നെന്നും ഔദാര്യമെന്നനിലയിൽ പ്രകടമാകുന്ന ദയയും ഉദാരതയുമാണ്. തന്റെ ഈ മഹനീയ ഗുണത്താൽ, മതമൊന്നും നോക്കാതെ അല്ലാഹു എല്ലാ മനുഷ്യർക്കും, അവർ ഏത് ജനതയിൽപ്പെട്ടവരാണെങ്കിലും വേണ്ടില്ല ഈ ഔദാര്യത്താൽ അനുഗ്രഹം എത്തിച്ചുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുതആല അവൻതന്നെ ജീവജാലങ്ങൾക്കെല്ലാം എന്തൊന്നാണോ അതിന് ആവശ്യമുള്ളത് അത് അതിന്റെ പ്രകൃതിയനുസരിച്ച് ദാനമായി നല്കുന്നു. ചോദിക്കാതെയും പരിശ്രമം കൂടാതെയും ഒരുക്കിക്കൊടുക്കുന്നു." അല്ലാഹുവിന്റെ ഈ ഔദാര്യം കൂടുതലായി അവിടന്ന് വ്യക്തമാക്കി പറഞ്ഞു. അതായത് എല്ലാ ജീവജാലങ്ങളുടേയും ആവശ്യങ്ങൾ എന്തൊക്കെയാണോ അതിന്റെ പ്രകൃതിയനുസരിച്ച് അത് ഒരുക്കിക്കൊടുക്കുന്നു." വീണ്ടും അവിടന്ന് പറയുന്നു: "രണ്ടാമത്തെ മഹിമാവിശേഷം അല്ലാഹുവിന്റെ രണ്ടാമത്തെതരത്തിലുള്ള ഔദാര്യമാണ്. ഇത് റഹ്മാനിയ്യത്താണ്. പൊതുവായ ദാനമെന്ന് അതിനെ പറയാം. അത് സൂറഃഫാതിഹായിൽ അർറഹ്മാൻ എന്ന വാക്യത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആന്റെ ശൈലിയുടെ വെളിച്ചത്തിൽ, അല്ലാഹുവിന്റെ നാമം റഹ്മാൻ എന്നതായത് അവൻ മനുഷ്യൻ ഉൾപ്പെട്ട എല്ലാ ഓരോ ജീവജാലങ്ങൾക്കും, അതിന് ചേർന്നവിധം രൂപവും സ്വഭാവവും നല്കിയതുകൊണ്ടാണ്. അതായത്, ഏതുതരം ജീവിതമാണോ അതിനായി തീരുമാനിക്കപ്പെട്ടത്, ആ ജീവിതത്തിന് ചേർന്നവിധം ഏതേതെല്ലാം ശക്തിയും കഴിവും ആവശ്യമായിരുന്നുവോ, അല്ലെങ്കിൽ ഏതുതരം രചനയും ഏതേതെല്ലാം ആഗ്രഹങ്ങളുമാണോ ആവശ്യമുണ്ടായിരുന്നത് അതെല്ലാം അവന് നല്കി. പിന്നീട് അതിന്റെ നിലനില്പിനുവേണ്ടി എന്തെന്തെല്ലാം വസ്തുക്കളാണോ വേണ്ടിയിരുന്നത് അതെല്ലാം ഒരുക്കിക്കൊടുത്തു. പക്ഷികൾക്ക് അതിന് ചേർന്നതും, മൃഗങ്ങൾക്ക് അതിന് ചേർന്നതും മനുഷ്യർക്ക് അവർക്കു ചേർന്നതുമായ ശക്തികൾ നൽകി. ഇതുമാത്രമല്ല, മറിച്ച് ആ വസ്തുക്കൾ ഉണ്ടാകുന്നതിന് ആയിരക്കണക്കിന് വർഷം മുമ്പേ, തന്റെ റഹ്മാനിയ്യത്ത് എന്ന മഹനീയഗുണത്താൽ ആകാശഗോളങ്ങളേയും ഭൂമിയേയും സൃഷ്ടിച്ചു; മുകളിൽ പറഞ്ഞ വസ്തുക്കളുടെ സംരക്ഷകനായിരിക്കുന്നതിനുവേണ്ടി. ഈ ഗവേഷണത്തിൽനിന്നും, അല്ലാഹുവിന്റെ പരമകാരുണികതയിൽ ആരുടേയും പ്രവർത്തനത്തിന്റെ കൈകടത്തലില്ലെന്ന് സ്ഥാപിതമായി. മറിച്ച്, അത് അവന്റെ കാരുണ്യം ഒന്നുമാത്രമാണ്. അതിന്റെ അടിത്തറ ആ വസ്തുക്കളെല്ലാം വരുന്നതിനു മുമ്പേ ഇടപ്പെട്ടു. അതേ, അല്ലാഹുവിന്റെ റഹ്മാനിയ്യത്തിൽ ഏറ്റവും കൂടുതൽ ഭാഗഭാക്ക് മനുഷ്യനാണ്. കാരണം ഓരോ വസ്തുവും അവന്റെ വിജയത്തിനായി, ത്യാഗം വരിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, മനുഷ്യരെ നിങ്ങളുടെ ദൈവം റഹ്മാനാണെന്ന് ഓർമ്മിപ്പിച്ചിരിക്കുന്നു." അല്ലാഹു ബുദ്ധിയും വിവേകവും നല്കിയിരിക്കുന്ന മനുഷ്യൻ, സൃഷ്ടികളിൽ ഉത്തമസൃഷ്ടി എന്നു പറയപ്പെടുന്ന മനുഷ്യൻ, അല്ലാഹുവിന്റെ ഈ റഹ്മാനിയ്യത്ത് എന്ന മഹനീയ ഗുണം കാരണത്താൽ അവന്റെ മുമ്പിൽ എപ്പോഴും കുനിയുന്നവനായിരിക്കേണ്ടതാണ്. എന്നാൽ, മനുഷ്യരിൽ ഭൂരിഭാഗവും ഇതിന് നേരെ വിപരീതം നടക്കുന്നതായിട്ടാണ് കാണുന്നത്. ഭൂരിഭാഗം ജനങ്ങളും ദൈവത്തെ തിരിച്ചറിയുന്ന വഴിയിൽനിന്ന് വ്യതിചലിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ദാനത്തെ പ്രയോജനപ്പെടുത്തുന്നുണ്ട്, പക്ഷേ, മറന്നുപോകുന്നു. തന്റെ കാരുണ്യത്തിന്റെ ദാനമായിട്ടാണ് അല്ലാഹു ലോകത്ത് നബിമാരെ അയക്കുന്നത്. അവർ ജനങ്ങൾക്ക് സുവാർത്ത അറിയിക്കുകയും ഭയപ്പെടു

ത്തുകയും അല്ലാഹുവിൽനിന്ന് മാർഗ്ഗദർശനം സമ്പാദിച്ച് സൽകൃത്യത്തിലേക്ക് ജനങ്ങളെ നയിക്കുകയും ചെയ്യുന്നു. അവനെ ആരാധിക്കേണ്ടവിധവും പറഞ്ഞുകൊടുക്കുന്നു. എന്നാൽ, ഭൂരിപക്ഷവും തങ്ങളിൽ മാറ്റമുണ്ടാക്കുന്ന കാര്യത്തിലേക്ക് ചായുന്നില്ല. ജനങ്ങൾക്ക് എന്തുപറ്റിപ്പോയി എന്നോർത്ത് നബി തന്റെ മനസ്സിൽ ഞെരുക്കം അനുഭവിക്കുന്നു. ഏറ്റവും അധികം ഞെരുക്കം നമ്മുടെ സയ്യിദോ മൗലാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) മാണ് അനുഭവിച്ചത്. എത്രത്തോളമെന്നാൽ, അല്ലാഹുവിന് ഇങ്ങനെ പറയേണ്ടിവന്നു. ***ലഅല്ലക്ക ബാഖിഉൻനഫ്സക്ക അല്ലായക്കൂനൂ മുഅ്മിനീൻ***, അവർ വിശ്വാസികളാകാത്ത കാരണത്താൽ (ദുഃഖംനിമിത്തം) നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം. (26:3)

ഈ ബോധം ഉണ്ടായത്, നബി(സ) തിരുമേനിയെ അല്ലാഹു മുഴുലോകത്തിനും കാരുണ്യമായി അയച്ചതുകൊണ്ടായിരുന്നു. ഇത് നബി(സ)യുടെ പ്രത്യേക പ്രകൃതിയായിരുന്നു. ഭൗതികമായ ആവശ്യങ്ങളും ആത്മീയമായ ആവശ്യങ്ങളും പൂർത്തീകരിച്ചുകൊണ്ടുള്ള റഹ്മാനായ ദൈവത്തിന്റെ മനുഷ്യനുമേലുള്ള ഔദാര്യമാണിത്. എന്നിട്ടും ആരെങ്കിലും അവയെ വിലവയ്ക്കുകയോ, അവയെ തിരിച്ചറിയുകയോ അവയെ പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നില്ലെങ്കിൽ അത്തരക്കാർ സ്വയം തങ്ങളെ നാശത്തിൽ അകപ്പെടുത്തുന്നവരാണ്. നബിയുടെ ഉപദേശവും നബിയുടെ വേദനയും അത്തരക്കാർക്ക് പ്രയോജനപ്പെടുകയില്ല.

അതിനാൽ ആത്മീയാനുഗ്രഹങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി റഹ്മാനായ ദൈവത്തിലേക്ക് ശ്രദ്ധിക്കേണ്ടതും, അവനെ ഭയപ്പെടേണ്ടതും നിർബന്ധമാണ്. അതുകൊണ്ടാണ് നബി(സ)യുടെ അവസ്ഥ കണ്ടുകൊണ്ട് അല്ലാഹു പറഞ്ഞത്

إِنَّمَا تُنذِرُ مَنِ اتَّبَعَ الذِّكْرَ وَخَشِيَ الرَّحْمَٰنَ بِالْغَيْبِ
فَبَشِّرْهُ بِمَغْفِرَةٍ وَأَجْرٍ كَرِيمٍ ﴿١٢﴾

“ഉപദേശത്തെ പിൻപറ്റുകയും പരമകാരുണികനായ അല്ലാഹുവിനെ സ്വകാര്യജീവിതത്തിൽ ഭയപ്പെടുകയും ചെയ്യുന്നവന് മാത്രമേ നിനക്ക് മുന്നറിയിപ്പ് നൽകാൻ പറ്റുകയുള്ളു. അതിനാൽ അവന് പാപമോചനവും മാന്യമായ പ്രതിഫലവുമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുക.” (36:12)

റഹ്മാനായ അല്ലാഹു തന്റെ ദാസരുടെമേൽ അനുഗ്രഹവും ഔദാര്യവും ചെയ്യുന്നതിനായി എപ്പോഴും തയ്യാറായിരിക്കുന്നു. അവൻ തന്റെ അനുഗ്രഹങ്ങളോടൊപ്പം, മനോഹരമായ അദ്ധ്യാപനവും ഉപദേശവും ജനങ്ങൾക്ക് മുമ്പിൽ സമർപ്പിച്ചു. പറഞ്ഞു: നിങ്ങളുടെമേൽ ഒരു ബലാൽക്കാരവുമില്ല. ഞാൻ നിങ്ങളോടു ചെയ്യുന്ന ഈ ഔദാര്യങ്ങൾ ഓർത്തുകൊണ്ട്, എന്റെ ഉപദേശമനുസരിച്ച് പ്രവർത്തിക്കുകയും സ്വകാര്യജീവിതത്തിലും എന്നിൽ പരിപൂർണ്ണവിശ്വാസം കൊള്ളുകയും ചെയ്താൽ ഈ ഔദാര്യങ്ങളിൽ കൂടുതൽ വർദ്ധനവുണ്ടാകുന്നതാണ്. നിങ്ങൾക്ക് ദുൻയാവിലും ആഖിറത്തിലും അനുഗ്രഹങ്ങൾ കൂടുതൽ വർദ്ധിക്കും. നിങ്ങൾക്ക് ഭാവനയിൽപോലും കാണാൻ കഴിയാത്ത നിലയിലുള്ള കൂടുതൽ സന്തോഷവാർത്തകളും ലഭിക്കും. അല്ലാഹുവിന്റെ മഗ്ഫിറത്തിന്റെ പുതപ്പ് നിങ്ങളെ പുതപ്പിച്ച് വയ്ക്കുന്നതാണ്. അതുമുഖേന നിങ്ങൾ കൂടുതൽ അല്ലാഹുവിന്റെ സമീപസ്ഥരായിത്തീരും. അതിനായി എന്തുമാർഗ്ഗമാണ് സ്വീകരിക്കേണ്ടത്. അത് അല്ലാഹുവിന്റെ റഹ്മിയ്യത്തിനെക്കുറിച്ച് പറയുമ്പോൾ വിവരിക്കുന്നതാണ്. എന്തായാലും ഇവിടെ, അല്ലാഹുവിന്റെ ഔദാര്യങ്ങളുടെ പ്രകടനം അവന്റെ സന്ദേശമെത്തിക്കലാണെന്നും നബി(സ) തിരുമേനി മുഖേന നമ്മോടും പറഞ്ഞിരിക്കുന്നു. നിങ്ങളുടെ ജോലി, ഏതൊരു സന്ദേശമാണോ നബി(സ) കൊണ്ടുവന്നത്, ഇന്ന് അതേറ്റുവാങ്ങിക്കൊണ്ട് അവിടത്തെ സത്യസന്ധനായ ദാസൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുന്നേറ്റു നില്ക്കുന്നു, ആ സന്ദേശത്തെ നാം മുന്നോട്ട് എത്തിച്ചുകൊണ്ടിരിക്കുക. ജനഹൃദയങ്ങളിൽ അത് സ്വാധീനമുണ്ടാക്കുന്നില്ലെങ്കിൽ അതുകൊണ്ട് നിരാശരാവേണ്ട. ഇതിലേക്ക് ചായുന്ന പലരേയും നിങ്ങൾക്ക് കിട്ടും. അവർ വളരെ കുറച്ചായിരിക്കാം. റഹ്മാനായ അല്ലാഹുവിനെ ഭയപ്പെടുന്നവരും, അവന് നന്ദി കാണിക്കുന്നവരുമായിരിക്കും അവർ. അതുകൊണ്ട് ഈ സന്ദേശം എത്തിച്ചുകൊണ്ടേ പോകേണ്ടതാണ്. ഈ സന്ദേശം മറ്റുള്ളവർക്കും നമുക്കും ദുആ സ്വീകരിക്കുന്നവർക്കും എത്തിക്കുന്നവർക്കും പാപപ്പൊറുതിക്കും കൂടുതൽ അനുഗ്രഹങ്ങൾക്കുമുള്ള മാർഗ്ഗമായിത്തീരും. നമ്മുടെ അദൃശ്യത്തിലുള്ള വിശ്വാസവും അല്ലാഹുവിന്റെ ഔദാര്യങ്ങളെ അംഗീകരിക്കുന്നതായിത്തീരുന്നത്, നമ്മൾ നമ്മുടെ ഉള്ളിലും അല്ലാഹുവിനോടുള്ള ഭയമുണ്ടാക്കിത്തീർക്കുമ്പോഴാണ്. നമ്മുടെയുള്ളിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കിക്കൊണ്ട് അല്ലാഹുവിനുവേണ്ടി മാത്രം ഈ സന്ദേശത്തെ മുന്നോട്ട് എത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ്. വഴിയിലെ ഒരു തട

സ്സവും ഈ ജോലി തടയുന്നതും അന്ത്യം കുറിക്കുന്നതുമാകാൻ പാടില്ല. ഒരു മുസ്‌ലിമിന്റെ പ്രത്യേകത ഇതുതന്നെയായിരിക്കേണ്ടതാണ്.

ദുൻയാവിനെ ദോഷങ്ങളിൽനിന്ന് രക്ഷിക്കാനുള്ള ഒരേയൊരു മാർഗ്ഗം റഹ്മാനായ അല്ലാഹുവിനെ ജനങ്ങൾ മനസ്സിലാക്കുക എന്നതാണ്. ഇല്ലെങ്കിൽ, റഹ്മാനായ അല്ലാഹുവിന്റെ ഔദാര്യങ്ങളെ ആദരിക്കാത്ത കാരണത്താൽ, രോഗങ്ങളായും പരസ്പരം കഴുത്തറുക്കുന്ന രൂപത്തിലും അല്ലാഹുവിന്റെ ശിക്ഷ വരുന്നു. ചിലപ്പോൾ ഒരു ജനത മറ്റൊരു ജനതയുടെ മേൽ അക്രമപരമായ നിലയിൽ പെരുമാറി ശിക്ഷയെ വിളിച്ചുവരുത്തുന്നു. ചിലപ്പോൾ ഭൂമിയിൽനിന്നും ആകാശത്തുനിന്നും അല്ലാഹുവിന്റെ ശിക്ഷയിറങ്ങുന്നു. അതുകൊണ്ട് ലോകത്തെ ഈ ശിക്ഷയിൽനിന്ന് രക്ഷിക്കാനുള്ള ശ്രമം നടത്തേണ്ടത് നമ്മുടെ ജോലിയാണ്. ഇതിന്റെ ഏറ്റവും നല്ല മാർഗ്ഗം ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ സന്ദേശം എത്തിക്കലാണ്. പിന്നീട് അല്ലാഹുവിലേക്ക് കാര്യങ്ങൾ വിടുക. എന്തുകൊണ്ടെന്നാൽ, മരിച്ചവർക്ക് ജീവിതം നല്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. ജമാഅത്തിൽ ചേർന്നുകഴിഞ്ഞാൽ നമ്മുടെമേൽ വന്നുചേരുന്ന വളരെ വലിയൊരു നിർബന്ധ കടമയാണിത്. അവരവരുടെ ചുറ്റുപാടുകളിൽ സ്വന്തം കർമ്മം കൊണ്ടും, മറ്റു മാർഗ്ഗങ്ങൾകൊണ്ടും ഈ റഹ്മാനായ ദൈവത്തിന്റെ സന്ദേശമെത്തിക്കുക. അല്ലാഹു നമുക്ക് നല്കിയ അനുഗ്രഹങ്ങൾ മറ്റുള്ളവർക്കും പറഞ്ഞുകൊടുക്കുക. ഇത് ചെയ്യുന്നതുകൊണ്ടുമാത്രമേ, റഹ്മാനായ അല്ലാഹുവിനെ ഭയപ്പെടുന്നവരിൽ നാം ഗണിക്കപ്പെടുകയുള്ളൂ. കാരണം അല്ലാഹുവിനെ ഭയക്കുന്നതുകൊണ്ടും അവന്റെ സ്നേഹം കരസ്ഥമാക്കുന്നതിനുള്ള ഭയംകൊണ്ടും മാത്രമാണ് അപ്പോൾ അവന്റെ ഈ സന്ദേശം നാം എത്തിക്കുന്നത്. വിശുദ്ധഖുർആനിൽ റഹ്മാനായ അല്ലാഹുവിനെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ഇബ്റാഹിം(അ) എങ്ങനെയാണ് തന്റെ പിതാവിന് സന്ദേശമെത്തിച്ചതെന്നും എങ്ങനെയാണ് ഉപദേശിച്ചതെന്നും പറയുന്നുണ്ട്. അത് പറയുന്നു:

يَا أَبَتِ إِنِّي أَخَافُ أَنْ يَمَسَّكَ عَذَابٌ مِنَ الرَّحْمَٰنِ
فَتَكُونَ لِلشَّيْطَانِ وَلِيًّا
قَالَ أَرَاغِبٌ أَنْتَ عَنْ آلِهَتِي يَا إِبْرَاهِيمُ لَئِنْ لَمْ
تَنْتَهِ لَأَرْجُمَنَّكَ وَاهْجُرْنِي مَلِيًّا

എന്റെ പിതാവേ, താങ്കൾ ശയ്ത്താനെ ആരാധിക്കരുത്. ശയ്ത്താൻ നിശ്ചയമായും പരമകാരുണികനായ (അല്ലാഹുവിനോട്) വളരെ അനുസരണം കെട്ടവനാകുന്നു. എന്റെ പിതാവേ, പരമകാരുണികനായ അല്ലാഹുവിൽനിന്ന് വല്ല ശിക്ഷയും താങ്കളെ ബാധിക്കുമോയെന്നും തൽഫലമായി താങ്കൾ ശയ്ത്താന്റെ മിത്രമായി തീർന്നേക്കുമോ എന്നും ഞാൻ ഭയപ്പെടുന്നു. (19:45,46)

ഇന്ന് ലോകത്ത് വിവിധതരത്തിലുള്ള ബിംബാരാധനയാണ് നടക്കുന്നത്. ഈ ബിംബാരാധനയിൽ മുങ്ങിക്കൊണ്ട് ജനങ്ങൾ വാസ്തവത്തിൽ ശയ്ത്താനെയാണ് ആരാധിക്കുന്നത്. റഹ്മാനായ ദൈവത്തെ എല്ലാവരും മറന്നുപോയിരിക്കുന്നു. മുഴുവനുമല്ലെങ്കിലും ഭൂരിഭാഗവും മറന്നുകഴിഞ്ഞിരിക്കുന്നുവെന്ന് പറയണം. റഹ്മാനായ ദൈവത്തിന് നന്ദി കാണിക്കണമെന്ന ചിന്ത ആർക്കും ഉണ്ടാകുന്നില്ല. പാശ്ചാത്യരേയും യൂറോപ്യരേയും കണ്ടുകൊണ്ട് മുസ്‌ലിം എന്നു പറയുന്നവരും തങ്ങളുടെ കർമ്മം കൊണ്ട് റഹ്മാനിൽനിന്ന് ബന്ധം വിച്ഛേദിച്ചുകഴിഞ്ഞിരിക്കുകയാണ്. അതിന്റെ ഫലവും നാം ഇന്നു കാണുന്നു. ദുൻയാവും അതിലെ സുഖാഢംബരങ്ങളും അവരുടെ ഒന്നാമത്തെ ലക്ഷ്യസ്ഥാനമായിത്തീർന്നിരിക്കുന്നു. അവസാനം വരുന്നവരുടെ കാലത്തിന്റെ അടയാളം അല്ലാഹു വരച്ചുകാണിച്ചിട്ടുണ്ട്. അവൻ പറഞ്ഞു: ***വ ഇദാ റഔ തിജാറത്തൻ ഔ ലഹ്വനിൻഫള്ളൂ ഇലയ്ഹാ വ തറകൂക്ക ഖായിമാ*** ഏതെങ്കിലും ഒരു കച്ചവടമോ, വിനോദമോ കണ്ടാൽ അവർ നിന്നെ തനിച്ചാക്കി അതിലേക്ക് ഓടിപ്പോകും. (62:12) ഇക്കാലത്തുള്ള ജനങ്ങളുടെ ചിത്രമാണ് ആ വരച്ചുകാണിച്ചിട്ടുള്ളത്. വാഗ്ദത്ത മസീഹിന്റെ കാലത്തുള്ള ജനങ്ങളുടെ അവസ്ഥയാണിത്. റഹ്മാനായ ദൈവത്തിലേക്ക് വരാൻ അല്ലാഹുവിന്റെ മസീഹ് വിളിച്ചുപറയുന്നു. റഹ്മാനായ ദൈവത്തിന്റെ മാധ്യസ്ഥ്യം നല്കിക്കൊണ്ടാണ് അദ്ദേഹം അത് പറയുന്നത്. ഏതൊരു വസ്തുവിനെ നിങ്ങൾ ഉത്തമമെന്ന് മനസ്സിലാക്കുന്നുവോ അത് ഉത്തമമല്ല. മറിച്ച്, അത് നിങ്ങളെ നാശത്തിലേക്ക് കൊണ്ടുപോകുന്നതാണ്. അല്ലാഹു തന്റെ നബി(സ) മുഖേനയും, പിന്നീട് അവിടത്തെ ദാസ്യത്തിൽ മുഹമ്മദീ മസീഹായ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയും, എത്തിച്ചുതന്ന അല്ലാഹുവിന്റെ '***ഖുൽ മാ ഇൻദല്ലാഹി ഖയ്റുൻമ്മിനല്ലഹ്‌വി വ മിനത്തിജാറത്തി***' എന്ന കല്പനയെ ഗൗനിക്കുക. നീ പറയുക, അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തെക്കാളും കച്ചവടത്തെക്കാളും ഉത്തമമാണ്. (62:12)

അതുകൊണ്ട് ഇന്നും ലോകം അതിന്റെ വ്യാജ പാരമ്പര്യങ്ങളും അഹങ്കാരങ്ങളും സ്വാർത്ഥതയും കാരണത്താൽ റഹ്മാനായ ദൈവത്തെ വിസ്മരിച്ചുകൊണ്ട്, അവരുടെ ഹൃദയങ്ങളിൽ ശയ്ത്താൻ ആരാധ്യരാക്കി സമർപ്പിച്ചിട്ടുള്ള ആ ആരാധ്യരെ ആരാധിച്ചുകൊണ്ടിരിക്കുന്നു. കാലത്തിന്റെ ഇമാമിനെ നിഷേധിക്കാൻ, സ്വയംതന്നെ ശയ്ത്താന്റെ മടിത്തട്ടിൽ വീഴുന്നു. ശയ്ത്താന്റെ കബളിപ്പിക്കലിൽ വീഴുന്ന മനുഷ്യൻ, അവന്റെ സ്വഭാവഗുണം കാണിക്കുന്നു. പിന്നീട് അവൻ അല്ലാഹുവുമായിട്ടുള്ള ബന്ധം വിച്ഛേദിച്ചുകളയുന്നു. റഹ്മാനായ ദൈവവുമായി അവന് ഒരു ബന്ധവും ഉണ്ടാകുകയില്ല. റഹ്മാനുമായിട്ട് ബന്ധം വിച്ഛേദിച്ചാൽ, തീർച്ചയായും ശയ്ത്താനുമായിട്ട് ബന്ധം യോജിപ്പിക്കുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ശയ്ത്താനുമായിട്ട് ബന്ധം കൂട്ടിയോജിപ്പിക്കുന്നതുതന്നെയാണ് ശയ്ത്താനെ ആരാധിക്കൽ. ഇതാണ് ഹൃദയങ്ങളിലെ ബിംബം. അത് റഹ്മാനായ ദൈവത്തിൽനിന്ന് മനുഷ്യനെ അകറ്റിക്കളയുന്നു. ആരിലാണോ ദുൻയാവിനോടുള്ള ഭയം അധികമുള്ളത്, റഹ്മാനോടുള്ള ഭയം കുറവുള്ളത് അല്ലെങ്കിൽ ഒട്ടും തന്നെയില്ലാത്തത് അവൻ ശയ്ത്താന്റെ ബന്ധുവാണ്. അതുകൊണ്ട്, ഇതിന്റെ അടിസ്ഥാനത്തിലും നാം സൂക്ഷ്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. മറ്റുള്ളവരോടും നാം പറയുമ്പോൾ, നമ്മെ തന്നെയും നാം നോക്കേണ്ടിവരും. ഭയപ്പെടേണ്ട സ്ഥാനമാണിത്. നമ്മുടെ വാക്കിലോ പ്രവൃത്തിയിലോ, റഹ്മാനായ ദൈവത്തിനു വെറുപ്പുളവാക്കുന്ന എന്തെങ്കിലുമുണ്ടോ എന്ന് നോക്കേണ്ടതാണ്. വലിയ വലിയ കാര്യങ്ങൾ മാത്രമല്ല. ദൈവത്തിന് വെറുപ്പുണ്ടാകുന്ന ചില ചെറിയ ചെറിയ കാര്യങ്ങളുമുണ്ട്. നാം നമ്മെ പരിശോധിക്കുകയും, നന്നാക്കിത്തീർക്കുകയും ചെയ്യുമ്പോഴാണ് ശരിയായ നിലയിൽ നമുക്ക് സന്ദേശമെത്തിക്കാനും കഴിയുന്നത്.

ഉദാഹരണത്തിന്, ബാഹ്യമായി നോക്കിയാൽ ഒരു നിസ്സാരകാര്യത്തെ സംബന്ധിച്ച് ഖുദ്സിയായ ഹദീസിൽ ഇങ്ങനെ കാണാം. അല്ലാഹു, നബി(സ) തിരുമേനിയോടു പറഞ്ഞു: അല്ലാഹു റഹ്മിനോടു-ഗർഭപാത്രത്തോടു പറഞ്ഞു. നീയുമായി ബന്ധം സ്ഥാപിക്കുന്നവരോട് ഞാൻ ബന്ധം സ്ഥാപിക്കുന്നതും നിന്നോട് ബന്ധം വിച്ഛേദിക്കുന്നവരോട് ഞാൻ ബന്ധം വിച്ഛേദിക്കുന്നതും നീ ഇഷ്ടപ്പെടുമോ? അത് പറഞ്ഞു, എന്റെ രക്ഷിതാവേ, എന്തുകൊണ്ടില്ല? അല്ലാഹു പറഞ്ഞു: അങ്ങനെതന്നെയായിരിക്കും എന്റെ പെരുമാറ്റം.

റഹം എന്താണ്? റഹം എന്നു പറയുന്നത് രക്തബന്ധമാണ്. ഇന്ന് നാം പരസ്പരമുള്ള ബന്ധം ഊട്ടിഉറപ്പിക്കുകയും ബന്ധം പാലിക്കുകയും ചെയ്യുന്നില്ലെങ്കിൽ റഹ്മാനായ ദൈവത്തിനോട് നന്ദികേട് കാണിക്കുകയാണ് ചെയ്യുന്നത്. ഈ രക്തബന്ധം ആരാണോ വിച്ഛേദിക്കുന്നത് താൻ അവനുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുമെന്ന് റഹ്മാനായ അല്ലാഹു പറഞ്ഞിരിക്കുന്നു.

അല്ലാഹുവിനോടുള്ള നന്ദികേട് പിന്നീട് ശയ്ത്താനിലേക്ക് കൊണ്ടുപോകുക തന്നെ ചെയ്യും. മനുഷ്യൻ ചെറിയ ചെറിയ കാര്യങ്ങളിലും ചിന്തിക്കുകയും തിന്മയെക്കുറിച്ച് പരിശോധിക്കുകയും അതകറ്റാൻ ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ മാത്രമെ അവൻ റഹ്മാനായ ദൈവത്തിന്റെ സാമീപ്യം പ്രാപിക്കുന്നവനായിത്തീരുകയുള്ളൂ. ഇല്ലെങ്കിൽ ഇക്കാര്യങ്ങൾ വളർന്ന് വളർന്ന് പിന്നീട് ഹൃദയത്തെ അകറ്റി ശയ്ത്താന്റെ അധികാരത്തെ ഹൃദയത്തിൽ കുടിയിരുത്തുന്നു. അപ്പോൾ ബാഹ്യമായി അല്ലാഹുവിനെ ആരാധിച്ചുകൊണ്ടിരിക്കുന്ന ഒരാൾ, റഹ്മാനെ ആരാധിക്കുന്നവനായിരിക്കുകയില്ല. മറിച്ച്, ശയ്ത്താന്റെ മടിത്തട്ടിൽ ചെന്നുവീഴുന്നു. ശയ്ത്താന്റെ മടിത്തട്ടിൽ വീഴുന്നവർക്ക്, ഏതുരീതിയിൽ ഹദ്റത്ത് ഇബ്റാഹിം(അ) തന്റെ പിതാവിന് മുന്നറിയിപ്പു നൽകിയോ, അതിലെ വാക്കുകൾ അല്ലാഹു ഖുർആനിൽ ഇങ്ങനെ സുരക്ഷിതമാക്കിയിരിക്കുന്നു. അതാണ് ഞാൻ മുകളിൽ പറഞ്ഞത്. റഹ്മാനായ അല്ലാഹുവിൽനിന്ന് അകന്നുപോകുന്നവർക്ക് ലോകാന്ത്യം വരെയുള്ള മുന്നറിയിപ്പാണിത്. റഹ്മാനായ ദൈവം, ഒരു കാര്യവും കൂടാതെ ഔദാര്യം ചെയ്യുന്നവനായ ദൈവം തന്റെ ദാസർക്കായി പാരിതോഷികങ്ങളുടേയും ഔദാര്യങ്ങളുടേയും മഴ പെയ്യിച്ചിരിക്കുകയാണ്. പക്ഷേ, അവന്റെ കല്പനയനുസരിച്ച് നടക്കാതെ നിങ്ങൾ അവനോടു അനുസരണക്കേട് കാണിക്കുന്നു. ഇതിന്റെ ഫലം, ശിക്ഷയുടെ രൂപത്തിലും പുറത്തുവരാം.

ഹദ്റത്ത് ഇബ്റാഹീം(അ) തന്റെ പിതാവിന് മുന്നറിയിപ്പ് നല്കിയതുപോലെതന്നെ. ബുദ്ധിമാനും വിവേകശാലിയുമായ ഒരു മനുഷ്യൻ ചിന്തിക്കുകയാണെങ്കിൽ, ഇന്ന് വിവിധ രൂപത്തിൽ മനുഷ്യന്റെ മേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശങ്ങൾക്ക് കാരണമെന്താണെന്ന് കാണാൻ സാധിക്കും. അല്ലാഹുവിന്റെ മഹനീയ ഗുണമായ റഹ്മാനോടൊപ്പം മറ്റു ഗുണങ്ങളും ഉണ്ടെന്ന കാര്യം എപ്പോഴും ഓർക്കണം. ബഹുദൈവാരാധന മാപ്പാക്കുകയില്ലെന്ന് അല്ലാഹു തറപ്പിച്ചുപറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)

അതിപ്രകാരം വിശദീകരിച്ചു: "ബാഹ്യമായ ബിംബങ്ങളെ ആരാധിക്കൽ മാത്രമല്ല. മറിച്ച്, മറഞ്ഞിരിക്കുന്ന ബഹുദൈവാരാധനയുമുണ്ട്. അത്തരം പല തരത്തിലുള്ള ബിംബങ്ങളേയും മനുഷ്യൻ തന്റെ ഹൃദയത്തിൽ കുടിയിരുത്തിയിട്ടുണ്ട്. അതിനാൽ ഇതിന്റെ അടിസ്ഥാനത്തിലും നാം ചിന്തിക്കുമ്പോൾ, രോമങ്ങൾ എഴുന്നുനില്ക്കുന്നു. അല്ലാഹുവിന്റെ വെറുപ്പിന് കാരണമാകുന്ന കാര്യം എന്താണ്? ഇവിടെ ഇബ്റാഹീം(അ) തന്റെ പിതാവിന് മുന്നറിയിപ്പ് കൊടുത്തത് അത്ഭുതകരമായി തോന്നുന്നു."

ഞാൻ പറഞ്ഞതുപോലെ, അല്ലാഹുവിന് മറ്റു മഹനീയഗുണങ്ങളുമുണ്ട്. അല്ലാഹു അങ്ങേയറ്റം അനുഗ്രഹിക്കുന്നവനും പാരിതോഷികം നല്കുന്നവനും ചോദിക്കാതെ നല്കുന്നവനായിട്ടും മനുഷ്യൻ അവനുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുമ്പോൾ, അതിന്റെ ഫലം അവൻ അല്ലാഹുവിന്റെ മറ്റു ഗുണങ്ങൾക്കു വിധേയനാകുന്നു എന്നതാണ്. അതിൽ ശിക്ഷയും ഉണ്ട്. അതിന്റെ കീഴെയും വരുന്നു. നമ്മുടെ ജീവിതത്തിനായി ഭൗതികസാധനസാമഗ്രികളും ആത്മീയമായ ഉന്നമനത്തിനായി തന്റെ സമീപസ്ഥരായ ആളുകളെ ലോകത്ത് അയച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ദയാലുവായ ദൈവത്തിന്റെ ശിക്ഷയ്ക്കിരയാകുക എന്നത് മനുഷ്യന്റെ അങ്ങേയറ്റത്തെ ദൗർഭാഗ്യമാണ്. ഇക്കാലത്ത് നാം അതിന് സാക്ഷിയാണ്. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചുകൊണ്ട് മഹത്തായ ഔദാര്യമാണ് നമ്മുടെമേൽ ചെയ്തിട്ടുള്ളത്. മനുഷ്യൻ കാരുണ്യം എന്ന അല്ലാഹുവിന്റെ മഹനീയ ഗുണത്തിന്റെ പരിധിയിൽനിന്ന് വെളിയിൽ ചാടാൻ ശ്രമിക്കുമ്പോൾ, അവന്റെ മറ്റു ഗുണങ്ങളും– അതിൽ കഠിനമായിട്ടുള്ള പെരുമാറ്റവുമുണ്ട്– അവൻ പ്രകടിപ്പിക്കുന്നു. ഉദാഹരണത്തിന്, അല്ലാഹുവിന്റെ സിഫത്തുകളാണ് ജബ്ബാർ (സ്വേച്ഛാധിപതി), ഖഹ്ഹാർ (സർവ്വവും അടക്കിവാഴുന്നവൻ) എന്നത്. മനുഷ്യൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഗൗനിക്കാതെ നന്ദികേട് കാണിച്ചുകൊണ്ടേ പോകുകയും, പോകരുതെന്ന് അല്ലാഹു വിലക്കിയ സ്ഥലത്തേക്ക് ചാടിക്കടക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ മറ്റു ഗുണങ്ങൾ പ്രവർത്തിക്കാൻ തുടങ്ങുന്നു. ഞാൻ മുമ്പേ പറഞ്ഞതുപോലെ അത് ഭൂകമ്പങ്ങളുടേയും നാശങ്ങളുടേയും രൂപത്തിലും വരും.

അപ്പോൾ കാരുണ്യം എന്ന മഹനീയഗുണം ആക്ഷേപാർഹമാകുകയില്ല. മറിച്ച്, മനുഷ്യന്റെ കർമ്മങ്ങളുടെ ഫലമാണത്. അവൻ ദ്രോഹപ്രവർത്തനങ്ങളിൽ മുഴുകിക്കൊണ്ടേയിരിക്കുകയും അതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുമ്പോൾ അല്ലാഹു ശിക്ഷിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "തൗബയിലും ഇസ്തിഗ്ഫാറിലും മുഴുകിയിരിക്കേണ്ടത് മനുഷ്യന് നിർബന്ധമാണ്. ദുഷ്കർമ്മങ്ങൾ അതിർലംഘിക്കുകയും അല്ലാഹുവിന്റെ കോപം വലിച്ചുകൊണ്ടുവരികയും ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത്." വീണ്ടും പറയുന്നു: ***വമൻയഅ്മൽ മിസ്ഖാല ദർറത്തിൻ ശർറൻയ്യറാ*** ആരാണോ അണുഅളവ് ദ്രോഹപ്രവർത്തനം നടത്തുന്നത് അവൻ അതിന്റെ ശിക്ഷ പ്രാപിക്കും. ഓർമ്മിക്കുക, ഇതും മറ്റു വചനങ്ങളും തമ്മിൽ ഒരു വൈരുദ്ധ്യവുമില്ല. കാരണം ഇവിടെ ദ്രോഹം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം, സ്ഥിരമായിട്ട് ചെയ്തുകൊണ്ടിരിക്കുന്ന ദ്രോഹമാണ്. താൻ പൊറുക്കും, കരുണാമയനാണ് എന്നൊക്കെ അല്ലാഹു പറയുകയും ഇവിടെ ദ്രോഹപ്രവൃത്തിക്ക് ശിക്ഷ നല്കുകയും ചെയ്യുന്നു എന്നതല്ല. ഇവിടെ പറയുന്നത്, ദ്രോഹം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം, പിന്മാറാതെ സ്ഥിരമായിട്ട് ചെയ്തുകൊണ്ടേയിരിക്കുന്ന ദ്രോഹപ്രവർത്തനങ്ങളാണ്. അതിൽനിന്ന് പിൻവാങ്ങുന്നില്ല. തൗബ ചെയ്യുന്നില്ല. ഈ ഉദ്ദേശ്യത്തോടുകൂടിയാണ് ഇവിടെ ശർ എന്ന പദം പ്രയോഗിക്കപ്പെട്ടിരിക്കുന്നത്. ദ്രോഹി തന്റെ ദ്രോഹപ്രവർത്തനങ്ങളിൽനിന്ന് പിൻവാങ്ങാൻ ആഗ്രഹിക്കുന്നില്ല. അത്തരക്കാരെ സംബന്ധിച്ചാണിത്. ലജ്ജയും പശ്ചാത്താപവും ദോഷങ്ങളെ കൈവിടുകയും പൊറുക്കലിനെ തേടുകയും ചെയ്യുന്നതുകൊണ്ട് പാപം പൊറുക്കപ്പെടുന്നുവെന്ന് ഖുർആൻ എല്ലായിടത്തും പറയുന്നു. എന്നല്ല, അല്ലാഹു പശ്ചാത്തപിച്ചുമടങ്ങുന്നവനെ സ്നേഹിക്കുന്നു. ചോദിക്കാതെ ഔദാര്യം ചെയ്യുന്നവനാണ് അല്ലാഹു. ചോദിക്കുന്നവന് അവൻ എണ്ണമറ്റ് നല്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഒരിക്കൽ നബി(സ) ബിസ്മില്ലാഹിർറഹ്മാനിർറഹീം ചൊല്ലാൻ തുടങ്ങി. റഹ്മാൻ എന്ന പദം അവിടത്തെ അനുഗൃഹീത നാവിൽനിന്നും പുറത്തുവരുമ്പോഴെല്ലാം, അവിടന്ന് അസ്വസ്ഥനായി കരയിൽ പിടിച്ചിട്ട മത്സ്യത്തെപോലെ പിടയ്ക്കുമായിരുന്നു. കണ്ണീർ ഒഴുകുമായിരുന്നു. പല പ്രാവശ്യവും അങ്ങനെ ഉണ്ടായിട്ടുണ്ട്. അസ്വസ്ഥനാകാൻ കാരണമെന്താണെന്ന് ഒരു സ്വഹാബി ചോദിച്ചു. അവിടന്ന് പറഞ്ഞു: ഞാൻ റഹ്മാൻ എന്ന പദത്തിലെത്തുമ്പോൾ, അല്ലാഹു മനുഷ്യരുടെമേൽ ചെയ്തിട്ടുള്ള അസംഖ്യം അനുഗ്രഹങ്ങൾ ഓർമ്മവരുന്നു. എന്നിട്ടും ജനങ്ങൾ ആ ദയാലുവായ ദൈവത്തിന്റെ ശിക്ഷയ്ക്കിരയാകുന്നുവല്ലോ എന്ന് ഓർത്തുപോകുന്നു. ഇത് എത്രമാത്രം ദൗർഭാ

ഗ്യമാണ്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. അബൂറാഫി അ്(റ), അബൂഹുറയ്റ(റ) പറയുന്നതായി കേട്ടു. റസൂൽ(സ) പറഞ്ഞു: അല്ലാഹു സൃഷ്ടികളെ സൃഷ്ടിക്കുന്നതിനു മുമ്പേ 'തീർച്ചയായും എന്റെ റഹ്മത്ത്, എന്റെ കോപത്തെ അതിജയിച്ചു' എന്ന് എഴുതിയിരുന്നു. ഇത് അർശിന്റെ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)യുടെ അടുക്കൽ ചില തടവുകാരെ കൊണ്ടുവന്നു. ആ തടവുകാരിൽ ഒരു സ്ത്രീയുടെ കുട്ടിയെ കാണാതായി. അവർ ഏത് കുട്ടിയെ കണ്ടാലും തന്റെ നെഞ്ചോട് പിടിച്ച് ചേർക്കുകയും അതിന് പാലു കൊടുക്കുകയും ചെയ്തു. അപ്പോൾ നബി(സ) ഞങ്ങളോട് ചോദിച്ചു, ഈ സ്ത്രീ തന്റെ കുട്ടിയെ തീയിലേക്ക് എറിയുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഞങ്ങൾ പറഞ്ഞു. ഇല്ല. ഒരിക്കലും അവർ തീയിലെറിയുകയില്ല. അപ്പോൾ നബി(സ) പറഞ്ഞു. തീർച്ചയായും അല്ലാഹു, മനുഷ്യരോട് ഈ സ്ത്രീ തന്റെ കുട്ടിയോട് കാണിക്കുന്നതിനേക്കാൾ കൂടുതൽ കരുണ ചൊരിയുന്നവനാണ്.

റഹ്മാനായ ദൈവമല്ല ശിക്ഷ നൽകുന്നത്. പ്രത്യുത, മനുഷ്യൻ തന്റെ ദ്രോഹപ്രവർത്തനങ്ങളും ദൈവത്തോടുള്ള അനുസരണക്കേടും കൊണ്ട് പ്രകൃതിനിയമമനുസരിച്ച്, മറ്റു ദൈവിക ഗുണങ്ങൾക്കു വിധേയനായി- അതിൽ ശിക്ഷയും നാശവും ഉണ്ട്- ശിക്ഷയ്ക്ക് സ്വയം ഇരയാകുകയാണ്. അല്ലാഹു, അവന്റെ ഔദാര്യങ്ങൾക്ക് നന്ദി കാണിക്കുന്നവരായി നമ്മെ മാറ്റുമാറാകട്ടെ. നന്ദികേട് കാണിച്ചുകൊണ്ട് അവനിൽനിന്ന് അകന്നുപോകുന്നവരാക്കാതിരിക്കട്ടെ. ഈ സന്ദേശമാണ് നാം മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കേണ്ടത്. ശരിയായ നിലയിൽ എത്തിക്കാൻ അല്ലാഹു നമ്മെ അർഹരാക്കിത്തീർക്കട്ടെ.

ഇന്ന് നാം ഭൂരിഭാഗം ആളുകളിലും കാണുന്ന ബഹുദൈവാരാധന കാരണത്താലുണ്ടാകുന്ന ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നല്കി അവരെ രക്ഷിക്കുന്നവരായിത്തീരേണ്ടതുണ്ട്.

ലോകത്ത് ഭൂരിപക്ഷവും ഈ പാപം ചെയ്യുന്നവരാണ്. ക്രിസ്ത്യാനികൾ പരമകാരുണികനായ ദൈവത്തെ നിഷേധിക്കുന്നവരാണ്. പരമകാരുണികൻ എന്താണെന്ന് അവർക്ക് അറിയുകയേയില്ല. തങ്ങളുടെ കർമ്മങ്ങളും, അവന്റെ മുമ്പിൽ കുനിയലും തന്നെയാണ് അല്ലാഹുവിന്റെ അനുഗ്രഹത്തെ വലിച്ചുകൊണ്ടുവരുന്നത്. മറ്റുള്ളവരുടെ ബലിയൊന്നും നമുക്ക് പ്രയോജനപ്പെടുകയില്ല. മോക്ഷം നല്കുന്നതിനായി, പരമകാരുണികനായ ദൈവത്തിന്നെതിരിൽ ഏതെങ്കിലും മനുഷ്യനെ പിടിച്ചെഴുന്നേല്പിച്ച് നിറുത്തിയിട്ടും കാര്യമില്ല. അതിന്റെ ആവശ്യവുമില്ല. ഇതെല്ലാം വ്യക്തമായ ബഹുദൈവാരാധനയാണ്. അതിനെക്കുറിച്ച് നാം കണ്ടുകഴിഞ്ഞു. ഇബ്റാഹിം (അ) തന്റെ പിതാവിന് മുന്നറിയിപ്പ് നല്കിയിരുന്നു. സൂറഃമർയമിൽ ക്രിസ്ത്യാനികളെക്കുറിച്ചും പറയുന്നു: ഇബ്റാഹിമിന്റെ കാര്യം പറഞ്ഞതും സൂറഃമർയമിൽ തന്നെയാണ്. ക്രിസ്ത്യാനികൾ റഹ്മാനായ ദൈവത്തിന് പുത്രനുണ്ടെന്ന് പറഞ്ഞ് കൊടിയ ശിർക്കാണ് ചെയ്തിട്ടുള്ളത്. എത്രമാത്രമെന്നാൽ അതിന് അതിരില്ല. ഇത് ഭയാനകമായ ഭാവനയാണ്. അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചു വരുത്തുന്നതാണ്. അല്ലാഹു പറയുന്നു:

وَقَالُوا اتَّخَذَ الرَّحْمَٰنُ وَلَدًا
لَقَدْ جِئْتُمْ شَيْئًا إِدًّا
تَكَادُ السَّمَٰوَٰتُ يَتَفَطَّرْنَ مِنْهُ وَتَنشَقُّ الْأَرْضُ وَ
تَخِرُّ الْجِبَالُ هَدًّا
أَن دَعَوْا لِلرَّحْمَٰنِ وَلَدًا
وَمَا يَنبَغِي لِلرَّحْمَٰنِ أَن يَتَّخِذَ وَلَدًا
إِن كُلُّ مَن فِي السَّمَٰوَٰتِ وَالْأَرْضِ إِلَّا آتِي الرَّحْمَٰنِ
عَبْدًا

"പരമകാരുണികനായ അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ഒരു ഭയങ്കര നിഷിദ്ധകൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശം പൊട്ടിക്കീറുകയും ഭൂമി പിളർന്നുപോകുകയും പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്തേക്കാം; പരമകാരുണികന് ഒരു പുത്രനുണ്ടെന്ന് അവർ വാദിച്ചത് കാരണത്താൽ. ഒരു പുത്രനെ സ്വീകരിക്കുകയെന്നത് പരമകാരുണികനായ അല്ലാഹുവിന് ഒട്ടും ഭൂഷണമല്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം പരമകാരുണികനായ അല്ലാഹുവിന്റെ സന്നിധിയിൽ അടിമകളായി ഹാജരാകുന്നവർ തന്നെയാണ്." (19:89-95)

ലോകത്തുവന്ന ഓരോരുത്തരും അല്ലാഹുവിന്റെ സൃഷ്ടിയാണ്. ഇന്ന് ഈ ബഹുദൈവാരാധന അതിന്റെ സീമയോളം എത്തിയിരിക്കുന്നു. അല്ലാഹു

വിന്റെ അഭിമാനം ഉണർന്ന്, മുഹമ്മദി മസീഹിനെ എഴുന്നേല്പിക്കേണ്ട കാലവും ഇതുതന്നെയായിരുന്നു. അദ്ദേഹം എഴുന്നേറ്റു. ഈ വീക്ഷണത്തെ തുണ്ടം തുണ്ടമാക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗവും റഹ്മാനായ ദൈവത്തിന്റെ ഔദാര്യമാണ്. അതിനായി നാം നന്ദി കാണിച്ചുകൊണ്ട്, ഈ സന്ദേശം ലോകത്ത് മുഴുവനും എത്തിക്കുന്നതിൽ ആദ്യത്തേക്കാൾ കൂടുതൽ ശ്രമിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"***തക്കാദുസ്സമാവാത്തു യതഫത്തർന മിൻഹു*** ഇതിന്റെ മറ്റൊരർത്ഥം വലിയ ഖിയാമത്തിനോടടുത്ത് (ഖിയാമത്തെ കുബ്റാ) ക്രിസ്തുമതത്തിന് ലോകത്ത് വമ്പിച്ച വിജയമുണ്ടാകുമെന്നാണ്; ഇക്കാലത്ത് വെളിപ്പെട്ടുകൊണ്ടിരിക്കുന്നതുപോലെതന്നെ. ഈ വിശുദ്ധവചനത്തിന്റെ ഉദ്ദേശ്യം ഈ കുഴപ്പത്തിന്റെ കാലത്ത്, അല്ലാഹു തന്റെ മസീഹിനെ അയച്ചുകൊണ്ട് അത് പരിഹരിക്കുന്നില്ലെങ്കിൽ ക്ഷണത്തിൽ ഖിയാമത്ത് വരുമെന്നാണ്. ആകാശം പൊട്ടിപ്പിളരും. എന്നാൽ, ക്രിസ്തുമതത്തിന്റെ ഇത്രമാത്രം വ്യാജപ്രവർത്തനങ്ങളുണ്ടായിട്ടും ഖിയാമത്ത് വന്നില്ല. ഇത് അല്ലാഹു മനുഷ്യരുടെമേൽ കരുണ ചൊരിഞ്ഞ് തന്റെ മസീഹിനെ അയച്ചു എന്നാണ് തെളിയിക്കുന്നത്. കാരണം, അല്ലാഹുവിന്റെ വാഗ്ദാനം തെറ്റായി പുലരുക എന്നത് അസംഭാവ്യമാണ്."

അതുകൊണ്ട് ഇപ്പോൾ കാലത്തിന്റെ മസീഹിന്റെ ശിഷ്യരുടെ ജോലി ഈ സന്ദേശമെത്തിക്കുന്നതിനായി ആദ്യത്തേക്കാൾ കൂടുതൽ പരിശ്രമിക്കുക എന്നതാണ്. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ അനുഗ്രഹത്തിന് പാത്രമായിത്തീരുക. അല്ലാഹു ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ഖുത്ബയിൽ ഹുസൂർ പറഞ്ഞു: "കഴിഞ്ഞ ജുമുആയിൽ ഞാൻ ബർലിൻ മസ്ജിദിനെക്കുറിച്ച് പറഞ്ഞിരുന്നു. അതായത്, ലജ്നാ ഇമായില്ലാ ജർമ്മനി ഇതിന്റെ നിർമ്മാണചെലവ് വഹിക്കുമെന്ന്. എന്നാൽ, ജർമ്മനിയ്ക്ക് വെളിയിലുള്ള ലജ്നാ ഇമായില്ലാ അംഗങ്ങൾ പറയുന്നത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ ഖാദിയാനിലേയും ഭാരതത്തിലേയും ലജ്നാ അംഗങ്ങളെ ഈ ചുമതല ഏല്പിച്ചിരുന്നുവെന്നാണ്. അവരുടെ സന്താനപരമ്പര ഇപ്പോൾ പാക്കിസ്ഥാനിലും മറ്റു സ്ഥലങ്ങളിലുമുണ്ട്. അതുകൊണ്ട് തങ്ങൾക്കും ഈ അനുഗ്രഹത്തിൽ ഭാഗഭാക്കാകാൻ അവസരം നൽകണമെന്ന് അവർ പറയുന്നു. എന്തായാലും പൊതുവായിട്ട് ഞാനിത് പറയുന്നില്ല. ഏതെങ്കിലും അഹ്മദി സ്ത്രീ ഇതിലേക്ക് ചന്ദ കൊടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് കൊടുക്കാവുന്നതാണ്. അതിന് തടസ്സമൊന്നുമില്ല. ലജ്നാ ഇമായില്ലാ ജർമ്മനിയും ഇതിൽ ആക്ഷേപമൊന്നും ഉന്നയിക്കുകയില്ലെന്ന് ഞാൻ കരുതുന്നു. അല്ലാഹു എത്രയും വേഗം നല്ല നിലയിൽ ഈ പള്ളി നിർമ്മാണം പൂർത്തിയാക്കുമാറാകട്ടെ. കാരണം എതിർപ്പുകൾ ഇപ്പോഴും വളരെ ശക്തമാണ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 19.1.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala